# പുസ്തകോത്സവം 2019: വായനക്കൂട്ടം നോവൽ ചർച്ച നടത്തി

ചെന്നൈ▸ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകോത്സവത്തോടനുബന്ധിച്ച് വായനക്കൂട്ടം നടന്നു. ഡോ. കെ.ജെ. അജയകുമാർ അധ്യക്ഷത വഹിച്ചു. മദ്രാസ് സർവകലാശാല മലയാള വിഭാഗം ഗവേഷണ വിദ്യാർഥി പി. ഷിനു മനോജ് കുറൂർ രചിച്ച 'നിലം പൂത്തുമലർന്ന നാൾ' എന്ന നോവൽ അവതരിപ്പിച്ച് സംസാരിച്ചു. പൂർവികരുടെ ജീവിതത്തിലേക്കുള്ള യാത്രയാണ് നോവൽ എന്ന് ഷിനു പറഞ്ഞു.

ന്യൂറോ സയൻസിൻെറ രീതിശാസ്ത്രമുപയോഗിച്ച് നോവലിനെ അവതരിപ്പിച്ച അദ്ദേഹം നോവലിൻെറ ആഖ്യാന ഘടന, ഭാഷയുടെ ലാളിത്യം എന്നിവയെല്ലാം വിശദമാക്കി. ചർച്ചയിൽ ആർ.കെ. ശ്രീധരൻ, എസ്. ശ്രീകുമാർ, ഡോ. എം.പി. ദാമോദരൻ, ഉദയകുമാർ കുളക്കുന്നത്ത്, ഡോ. എ.സി. സുഹാസിനി, പി.കെ.എൻ. പണിക്കർ തുടങ്ങിയവർ പങ്കെടുത്തു. കെ.ആർ. ഗോപകുമാർ, സുഭാഷ് ബാബു എന്നിവർ പ്രസംഗിച്ചു.




▶ കേരള വിദ്യാലയത്തിൽ പുസ്തകോത്സവത്തോടനുബന്ധിച്ച് നടന്ന വായനക്കൂട്ടം ചർച്ചയിൽ പി. ഷിനു നോവൽ അവതരിപ്പിക്കുന്നു

## പുസ്തകോത്സവത്തിൽ ഇന്ന്

വൈകീട്ട് ആറിന് മദ്രാസ് സർവകലാശാല മലയാളം വിഭാഗവുമായി സഹകരിച്ച് കാവ്യസന്ധ്യ നടക്കും. പ്രൊഫ. രാജേന്ദ്രബാബു, എസ്.എസ്. പിള്ള, എം. സതീഷ്, ആർ.കെ. ശ്രീധരൻ, നിഷ കെ.ആർ., സുജ സവിധം എന്നിവർ പങ്കെടുക്കും.